പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 396

04.02.2014 ൽ മറുപടിക്ക്

**ഭക്ഷണശാലകളിലെ വില ഏകീകരണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി ജമീലാ പ്രകാശം:<br>ശ്രീ. മാത്യു റ്റി. തോമസ്:<br>ശ്രീ. സി. കെ. നാണു:<br>ശ്രീ. ജോസ് തെറ്റയിൽ: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) ഭക്ഷണ ശാലകളിൽ ഏകീകരിച്ച വിലനിരക്ക് സമ്പ്രദായം നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) ഹോട്ടലുകളിലെ നിലവാരവും സൗകര്യവും അനുസരിച്ച് ഹോട്ടലുകളെ തരം തിരിച്ച് ഭക്ഷണത്തിന്റെ വില നിയന്ത്രിക്കുന്നതിനും ഏകീകരിക്കുന്നതിനുമായി ഒരു നിയമനിർമ്മാണം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| (ബി) വിലക്കയറ്റത്തിന്റെ മറവിൽ ഉപഭോക്താക്കളെ അമിതമായി ചൂഷണം ചെയ്യുന്ന ഹോട്ടൽ ഉടമകൾക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ? | (ബി) ഹോട്ടലുകളിൽ വിൽക്കപ്പെടുന്ന ഭക്ഷണ സാധനങ്ങളുടെ വില നിശ്ചയിക്കുന്നതിനോ നിയന്ത്രിക്കുന്നതിനോ ഉള്ള അധികാരം നിലവിൽ വകുപ്പിനില്ല. എന്നാൽ ഹോട്ടലുകളിലെ ഭക്ഷണസാധനങ്ങൾക്ക് അമിതവില ഈടാക്കുന്നത് തടയുവാനായി ഹോട്ടലുകളിൽ വിൽക്കപ്പെടുന്ന ഭക്ഷണസാധനങ്ങളുടെ വില നിലവാരപ്പട്ടിക പ്രദർശിപ്പിക്കുന്നത് 1977 ലെ കേരള ഫുഡ്സ്റ്റഫ് (ഡിസ്പ്ലേ ഓഫ് പ്രൈസസ് ബൈ കാറ്ററിംഗ് എസ്റ്റാബ്ലിഷ്മെന്റ്) ഓർഡർപ്രകാരം നിർബന്ധമാക്കിയിട്ടുണ്ട്. ഇത് ഉറപ്പാക്കുന്നതിനായി സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ മാത്രമായും പോലീസ്, ആരോഗ്യം, റവന്യൂ, ലീഗൽ മെട്രോളജി, നികുതി വകുപ്പുകളുമായി ചേർന്നും ഹോട്ടലുകളിൽ നിരന്തരം പരിശോധന നടത്തി നിയമലംഘനം നടത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ